**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** | **01-09-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്, ശ്രീ . എൻ . ഷംസുദ്ദീൻ, പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗുണ്ടകൾക്കെതിരെ കാപ്പ ചുമത്താൻ പോലീസ് നൽകുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തീരുമാനം എടുക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; | (ബി) | 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ടിലെ (കാപ്പ) വ്യവസ്ഥകളിൽ അനുശാസിക്കും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ജില്ലാ കളക്ടർമാർ മനപൂർവം കാലതാമസം വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗുണ്ടാ ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ഗുണ്ടകൾ, മയക്ക മരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ് എഗൈൻസ്റ്റ് ഓർഗ്ഗനൈസ്ഡ് ക്രൈംസ് (Special Action Group against Organised Crimes - SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യ ലക്ഷ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും ആന്റി ഓർഗ്ഗനൈസ്ഡ് ക്രൈംസ് സെൽ (Anti Organised Crimes Cell -AOCC) ആരംഭിക്കുവാനും |

നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാ നിയമപ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി 15.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാസാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പ നിയമം (ഗുണ്ട നിയമം) ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ഗുണ്ട നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരെയും ജില്ലാ പോലീസ് മേധാവിമാരെയും ഉൾപ്പെടുത്തി അവലോകന യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം കാപ്പ നിയമ (ഗുണ്ട നിയമം) പ്രകാരമുള്ള കരുതൽ തടങ്കൽ, സഞ്ചലന നിയന്ത്രണം എന്നിവ കാര്യക്ഷമമായി

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ